GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/08/2026

1) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല കർഷക ദിനാഘോഷവും അവാർഡ് വിതരണവും ചിങ്ങം 1 – ആഗസ്റ്റ് 17 രാവിലെ 9.30 ന് എറണാകുളം കളമശ്ശേരി ആഷിസ് കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തുന്നു. കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് അധ്യക്ഷത വഹിക്കുന്ന ഈ ചടങ്ങിന്റെ ഉദ്ഘാടനം കേരള മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ നിർവ്വഹിക്കുന്നതാണ്. മത്സ്യ ബന്ധന സാമൂഹിക നീതി വകുപ്പ് മന്ത്രി അബ്ദുൾ ഗഫൂർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ്. MP മാർ, MLA മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കോർപ്പറേഷൻ മേയർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്നു. 2025

വർഷത്തെ കാർഷിക മേഖലയിലെ സമഗ്ര സംഭാവനയ്ക്കുള്ള 'ശ്രീ ഉമ്മൻ ചാണ്ടി സ്മാരക സമഗ്ര സംഭാവന പുരസ്കാരം' ആദ്യമായി സമ്മാനിക്കുന്നതും, "മട്ടുപ്പാവ് കൃഷി ചെയ്യുന്ന മികച്ച കർഷകൻ', 'ഉദ്യാന ശ്രേഷ്ഠ' എന്നീ 3 പുതിയ അവാർഡുകളും ഉൾപ്പെടെ 38 വിഭാഗങ്ങളിലായി സംസ്ഥാന കർഷക അവാർഡുകൾ വിതരണം ചെയ്യുന്നതും ഈ വർഷത്തെ കർഷക ദിനാഘോഷത്തിന്റെ പ്രത്യേകതകളാണ്.

2) കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കാർഷിക കോളേജ്, വെള്ളാനിക്കരയിൽ 2026-2027 അധ്യയന വർഷത്തെ ഡി.ബി.ടി. സപ്പോർട്ടഡ് എം.എസ്.സി. മോളിക്യുലർ ബയോളജി ആൻഡ് ബയോടെക്നോളജി കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 21.08.2026-ന് രാവിലെ 11.00 മണിക്ക് വെള്ളാനിക്കര കേരള കാർഷിക സർവകലാശാല വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ വെച്ച് നടക്കുന്നു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയുൾപ്പെടെയുള്ള വിശദമായ വിവരങ്ങൾ സർവകലാശാലയുടെ അഡ്മിഷൻ വെബ് സൈറ്റായ www.admissions.kau.in ൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 2438139 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3) കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷന് സെന്ററിൽ വെച്ച് 20.08.2026 തീയതിയിൽ **'കൂൺ കൃഷി'** എന്ന വിഷയത്തിൽ ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 8547070773, 0487 2370773 എന്നീ ഫോൺ നമ്പറുകളിൽ ഓഫീസ് സമയത്ത് 19.08.2026 തീയതിയ്ക്കു മുമ്പായി ബന്ധപ്പെടുക.

4. 2026–27 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള **മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയിൽ** ഉൾപ്പെടുത്തി ധനസഹായം നൽകുന്നു.

a) കുരുമുളക്, കൊക്കോ, മാവ്, ജാതി, കശുമാവ് മുതലായ വിളകളുടെ കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം:– ഉത്പാദനക്ഷമത കുറഞ്ഞതും പ്രായമേറിയതും രോഗബാധിതവുമായ വള്ളികൾ/ശാഖകൾ വെട്ടിമാറ്റി പകരം അത്യുത്പാദന ശേഷിയുള്ള പുതിയ തൈകൾ നട്ടുപിടിപ്പിച്ച് ശാസ്ത്രീയമായ കൃഷി രീതികൾ ആവിഷ്ക്കരിക്കുന്നതിന് ധനസഹായം നൽകുന്നു. ഹെക്ടറൊന്നിന് മൊത്തം പദ്ധതി

ചെലവിന്റെ 40 ശതമാനമായ 24,000 രൂപ ധനസഹായമായി നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്തിന് ധനസഹായം ലഭിക്കും.

b) ജൈവകൃഷി:- 30’x8’x2.5' വിസ്തീർണ്ണമുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 50,000/- രൂപ ധനസഹായം നൽകുന്നു.

ഇതിനായി അപേക്ഷകർ അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.

5. കേരള വെറ്ററിനറി യുണിവേഴ്സിറ്റി ഗോട്ട് & ഷീപ്പ് ഫാം, മണ്ണുത്തി പരിശീലനകേന്ദ്രത്തിൽ വെച്ച് 18.08.2026 ന് രാവിലെ 9 മുതൽ വൈകീട്ട് 5 വരെ നൂതന സാങ്കേതികവിദ്യകളേയും രോഗപ്രതിരോധ മാർഗ്ഗങ്ങളേയും പരിചയപ്പെടുത്തുന്ന **ആട് ഫാമിങ്ങ്-ഭാവിയുടെ ബിസിനസ്** എന്നവിഷയത്തെക്കുറിച്ച് ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. ആദ്യം ബുക്ക് ചെയുന്ന 25 പേർക്ക് മാത്രമാണ് അവസരം. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9447796219, 8891980465, 8089510367 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

6. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ആഗസ്റ്റ് 20, 21 തീയതികളിൽ സുരക്ഷിതമായ പാൽ ഉൽപ്പാദനം എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരീശിലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപാ ദിനബത്തയും, ആകെ 100/- രൂപ യാത്രബത്തയും നൽകും. രജിസ്ട്രേഷൻ ഫീസായി 20/ രൂപ അടക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആഗസ്റ്റ് 17 ന് വൈകുന്നേരം 5 മണിക്ക് മുൻപായി പരിശീലന കേന്ദ്രത്തിൽ ഫോൺമുഖേനയോ, നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിന് എത്തുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2440911, 9061409824 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.